# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3131 — 11.12.2014ൽ മറുപടിയ്ക്ക്

## തൊണ്ട് സംഭരണം

| ചോദ്യം<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എം.എ വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) പുതിയ തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തൊണ്ട് സംഭരണ പദ്ധതി 16.01.2012 മുതൽ പരിഷ്ക്കരിച്ചു നടപ്പിലാക്കി വരികയാണ്. തൊണ്ട് സംഭരിക്കുന്നതിന് തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്കു നൽകിയിരുന്ന 5.00 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് കടത്തു കൂലിയുടെ 50% ഗ്രാന്റ് എന്നിവ തുടർന്നും നൽകുന്നതിനോടൊപ്പം ചുവടെ സൂചിപ്പിക്കുന്ന കാര്യങ്ങൾ കൂടെ ഉൾപ്പെടുത്തിയാണ് 16/01/2012 മുതൽ പദ്ധതി പരിഷ്ക്കരിച്ചുനടപ്പിലാക്കുന്നത്.<br>1) തൊണ്ട് സംഭരിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് നൽകുന്നു.<br>2) തൊണ്ട് സംഭരിക്കുന്ന ആക്ടിവിറ്റി ഗ്രൂപ്പിലെ വ്യക്തിക്ക് പ്രതിദിനം നൽകിയിരുന്ന പരമാവധി പ്രതിദിന വേതനം 100 രൂപയിൽ നിന്ന് 150 രൂപയായി വർദ്ധിപ്പിച്ചു.<br>3) സംഭരിക്കുന്ന തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് പച്ചത്തൊണ്ടിന് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് 7.5 പൈസയിൽ നിന്നും 10 പൈസയായും വർദ്ധിപ്പിച്ചു.<br>4) ഡീഫൈബറിംഗ് മെഷീൻ ഉള്ള കയർ മേഖലയിലെ സഹകരണ സംഘങ്ങൾ സംഘത്തിലെ ഉല്പാദനത്തിന് സംഭരിക്കേണ്ടി വരുന്ന തൊണ്ട് പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾ സംഘം മുഖേന ശേഖരിക്കുകയാണെങ്കിൽ ആ തൊഴിലാളികൾക്ക് ആക്ടിവിറ്റി ഗ്രൂപ്പ് അംഗങ്ങൾക്ക് നല്കുന്ന മാനദണ്ഡ |

| | |
|---|---|
| | പ്രകാരമുള്ള പ്രതിദിനം ലഭിക്കുന്ന 100 രൂപ സംഭരിക്കുന്ന തൊണ്ടിന് ഇൻസെന്റീവ് ലഭിക്കുന്നതിന് അർഹരാക്കി.<br><br>5) പ്രോജക്ട് ലെവൽ ഹസ്ക് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടേയും മോണിറ്ററിംഗ് കമ്മിറ്റിയുടേയും ഘടനകളിൽ മാറ്റങ്ങൾ വരുത്തി. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കയർ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളിലൊന്ന് ആവശ്യമായത്ര ചകിരിയുടെ ദൗർലഭ്യമാണ്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 50% തൊണ്ടെങ്കിലും ഇവിടെത്തന്നെ സംസ്ക്കരിച്ച് ചകിരിനാര് ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് തൊണ്ട് സംഭരണ പദ്ധതി 2010 മുതൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ഈ ലക്ഷ്യം മുൻനിർത്തി തന്നെയാണ് ഈ പദ്ധതി പരിഷ്ക്കരിച്ചത്. |
| (സി) തൊണ്ട് സംഭരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) തൊണ്ട് സംഭരണ പദ്ധതി പ്രകാരം ധനസഹായത്തിനുള്ള അർഹത ചകിരി നിർമ്മാണം നടത്തുന്ന എല്ലാ മില്ലുകൾക്കും, തൊണ്ടു സംഭരണവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും കൺസോർഷ്യങ്ങൾക്കുമാണ്. തൊണ്ട് സംഭരണം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം കണക്കിലെടുത്ത് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചും ഫീൽഡുതല കമ്മിറ്റികളുടെ ഘടനയിൽ മാറ്റം വരുത്തിയുമാണ് പദ്ധതി പരിഷ്ക്കരിച്ചത്. |
| (ഡി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) വർദ്ധിപ്പിച്ച രീതിയിലുള്ള ഇൻസെന്റീവ് സഹകരണ സ്വകാര്യ മേഖലകൾക്ക് നൽകാൻ നടപടി സ്വീകരിച്ചു. ഡീഫൈബറിംഗ് മില്ലുകൾക്ക് ഇത് നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കാനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000/- രൂപയുടെ ഒരു പ്രൊപ്പോസലിന് അംഗീകാരം നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ